പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 125 | 16-10-2026-ൽ മറുപടിയ്ക്ക്

**<u>ലേബർ കോഡ് നടപ്പാക്കൽ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. ആര്യാടൻ ഷൗക്കത്ത്

ശ്രീ. ഐ. സി. ബാലകൃഷ്ണൻ

ശ്രീ. എഫ്. രാജ

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീമതി ബിന്ദു കൃഷ്ണ
(തൊഴിൽ, മൃഗസംരക്ഷണ - വനിതാ ശിശു വികസന വകുപ്പ് മന്ത്രി)

**(എ)** 2019-ൽ രാജ്യത്തെ 29 തൊഴിൽ നിയമങ്ങൾ സംയോജിപ്പിച്ച് നാല് ലേബർ കോഡുകളാക്കി കേന്ദ്രസർക്കാർ നിയമം പാസ്സാക്കിയതിന്റെ പശ്ചാത്തലത്തിൽ കേരളത്തിലും പ്രസ്തുത ലേബർ കോഡുകളുടെ കരട് തയ്യാറാക്കാനുള്ള നടപടികൾ 2016-21 കാലയളവിൽ തന്നെ ആരംഭിച്ചിരുന്നോ; വിശദമാക്കുമോ;

**<u>മറുപടി:</u>** രണ്ടാം ദേശിയ തൊഴിൽ കമ്മീഷന്റെ ശുപാർശയിന്മേൽ 29 തൊഴിൽ നിയമങ്ങൾ ക്രോഡീകരിച്ച് വേജ് കോഡ്, സോഷ്യൽ സെക്യൂരിറ്റി കോഡ്, ഇൻഡസ്ട്രിയൽ റിലേഷൻസ് കോഡ്, ഒക്യുപ്പേഷണൽ സേഫ്റ്റി,ഹെൽത്ത് & വർക്കിംഗ് കണ്ടീഷൻസ് കോഡ് എന്നീ നാല് തൊഴിൽകോഡുകളായി കേന്ദ്ര സർക്കാർ കരട് വിജ്ഞാപനം പുറപ്പെടുവിച്ചതിനെ തുടർന്ന് ഇതിനാവശ്യമായ ചട്ടങ്ങൾ രൂപീകരിക്കാൻ കേന്ദ്ര സർക്കാർ സംസ്ഥാനങ്ങൾക്ക് നിർദേശം നൽകി. അതിന്റെ അടിസ്ഥാനത്തിൽ 2021 ഡിസംബറിൽ കേരള സർക്കാർ സംസ്ഥാനതല കരട് ചട്ടങ്ങൾ തയ്യാറാക്കി പ്രസിദ്ധീകരിച്ചിരുന്നു. പ്രസ്തുത കരട് ചട്ടങ്ങളെ സംബന്ധിച്ച് ബന്ധപ്പെട്ടവരിൽ നിന്നും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ലഭ്യമാക്കുന്നതിന് തൊഴിലാളി സംഘടനകൾ. തൊഴിലുടമകൾ, നിയമവിദഗ്ധർ എന്നിവരെ ഉൾപ്പെടുത്തി 02/07/2022- തീയതിയിൽ സംസ്ഥാനതല ശിൽപശാലയും 19.12.2025-ന് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആൻഡ് എംപ്ലോയ്മെന്റിന്റെ (KILE) ആഭിമുഖ്യത്തിൽ സർക്കാർ, വിവിധ ട്രേഡ് യൂണിയനുകൾ, നിയമവിദഗ്ധർ, ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തി ദേശീയ ലേബർ കോൺക്ലേവും തിരുവനന്തപുരത്ത് വച്ച് സംഘടിപ്പിച്ചിരുന്നു.

**(ബി)** 2021-26 കാലയളവിൽ, തുടക്കത്തിൽ തന്നെ പ്രസ്തുത ചട്ട രൂപീകരണം വേഗത്തിലാക്കാൻ പ്രധാന പരിഗണന നൽകുകയും കോഡുകൾക്കെതിരെ പ്രതിഷേധം ഉയർന്നപ്പോൾ കോഡുകളെ കുറിച്ച് പഠിക്കാൻ ജസ്റ്റിസ് വി.ഗോപാൽ ഗൗഡ അധ്യക്ഷനായ കമ്മിറ്റിയെ നിയോഗിക്കുകയും ചെയ്തിരുന്നോ; വ്യക്തമാക്കുമോ;

**<u>മറുപടി:</u>** ലേബർ കോഡുകളെക്കുറിച്ച് സമഗ്രമായി പഠിക്കുന്നതിനായി സ.ഉ.(സാധാ) നം. 74/2026/LBR ,തീയതി 22.01.2026 പ്രകാരം വിരമിച്ച സുപ്രീം കോടതി ജഡ്ജ് ജസ്റ്റിസ് വി. ഗോപാല ഗൗഡയുടെ അദ്ധ്യക്ഷതയിൽ ഒരു കമ്മിറ്റി സർക്കാർ രൂപീകരിക്കുകയുണ്ടായി.

റിട്ടയേർഡ് ജഡ്ജ് ജസ്റ്റിസ് വി. ഗോപാലഗൗഡ അദ്ധ്യക്ഷനായും പ്രൊഫസർ കെ. ആർ ശ്യാം സുന്ദർ, അഡ്വ. വർക്കിച്ചൻ പേട്ട എന്നിവർ മെമ്പർമാരായും അഡ്വ. മൈത്രേയി കൃഷ്ണൻ, ശ്രീ.രവിശങ്കർ ഖാന്ധി, അഡ്വ. ഗായത്രി സിംഗ്,പ്രൊഫ. ബാബു മാത്യു, അഡ്വ. കോളിൻ ഗോൺസാൽവസ്, അഡ്വ. ചന്ദർ ഉദയ് സിംഗ് എന്നിവർ co-opted member മാരായും കമ്മിറ്റി രൂപീകരിച്ച് സർക്കാർ ഉത്തരവാകുകയും ടി. കമ്മിറ്റി 09/03/2026 തീയതിയിൽ സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുള്ളതാണ്. പ്രസ്തുത കമ്മിറ്റിയുടെ പഠനങ്ങളുടെയും ശുപാർശകളുടെയും അടിസ്ഥാനത്തിൽ, ദി കേരള കൺഫർമേന്റ് ഓഫ് പെർമനന്റ് സ്റ്റാറ്റസ് ടു വർക്ക്മെൻ ബിൽ, ദി ഇൻഫോർമൽ വർക്കേഴ്സ് (റെഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് ആൻഡ് കണ്ടീഷൻസ് ഓഫ് വർക്ക്) ബിൽ, ദി കേരള സാനിറ്റേഷൻ ആൻഡ് ഹൗസ് കീപ്പിംഗ് വർക്കേഴ്സ് (റെക്കഗ്നിഷൻ, പ്രൊട്ടക്ഷൻ ആൻഡ് വെൽഫെയർ) ബിൽ എന്നീ മൂന്ന് അധിക നിയമങ്ങൾ പ്രാബല്യത്തിൽ കൊണ്ടുവരുന്നതിന് കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ട്.

**(സി)** പ്രസ്തുത കമ്മിറ്റി ശിപാർശയിന്മേൽ അന്നത്തെ സർക്കാർ എന്തെങ്കിലും തുടർനടപടികൾ സ്വീകരിച്ചിരുന്നോ; വിശദമാക്കുമോ; കഴിഞ്ഞ സർക്കാർ തുടർനടപടികൾ ആരംഭിച്ചതിനാലും കേന്ദ്രനിയമം ആയതിനാലും പ്രസ്തുത ലേബർ കോഡ് നടപ്പാക്കേണ്ട ബാധ്യത ഈ സർക്കാരിൽ നിക്ഷിപ്തമായിട്ടുണ്ടോ; വിശദമാക്കുമോ?

**<u>മറുപടി:</u>** ലേബർ കോഡുകൾ അവലോകനം ചെയ്ത് അനുയോജ്യമായ സംസ്ഥാനതല ഭേദഗതികൾ നിർദ്ദേശിക്കുന്നതിനായി സംസ്ഥാന സർക്കാർ 22.01.2026-ന് നിയമിച്ച ജസ്റ്റിസ് വി. ഗോപാല ഗൗഡ കമ്മിറ്റി 09.03.2026-ന് സർക്കാരിൽ റിപ്പോർട്ട് സമർപ്പിച്ചു.

2025 നവംബർ 21-ാം തീയതി മുതൽ കേന്ദ്ര സർക്കാർ നാല് ലേബർ കോഡുകളും ഔദ്യോഗികമായി വിജ്ഞാപനം ചെയ്യുകയും, പുതിയ നിയമങ്ങളിലേക്കുള്ള പരിവർത്തന കാലയളവിന് (Transition Period) തുടക്കം കുറിക്കുകയും ചെയ്തതിന്റെ തുടർച്ചയായി, 2026 മേയ് 8-ന് കേന്ദ്ര തൊഴിൽ മന്ത്രാലയം നാല് കോഡുകൾക്കുമുള്ള കേന്ദ്ര ചട്ടങ്ങൾ (Central Rules, 2026) പുനഃപ്രസിദ്ധീകരിച്ചു. ലേബർ കോഡുകൾ ഔദ്യോഗികമായി നിലവിൽ വരുന്നതിന് മുൻപ് സംസ്ഥാനങ്ങൾ പ്രസിദ്ധീകരിച്ചിരുന്ന എല്ലാ കരട് ചട്ടങ്ങളും വീണ്ടും വിജ്ഞാപനം (Re-notify) ചെയ്യണമെന്നും, കോഡുകൾ പ്രകാരമുള്ള വിവിധ അനുബന്ധ വിജ്ഞാപനങ്ങൾ പുറപ്പെടുവിക്കണമെന്നും കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിരുന്നു. ഈ സാഹചര്യത്തിൽ, കേന്ദ്ര ലേബർ കോഡുകൾക്കനുസൃതമായി സംസ്ഥാനതല ചട്ടങ്ങൾ രൂപീകരിക്കുന്നതു സംബന്ധിച്ച് തൊഴിലാളി സംഘടനകളുമായി ചർച്ച നടത്തി തീരുമാനമെടുക്കുന്നതിന് 29.07.2026-ലെ മന്ത്രിസഭായോഗം ബഹു. മുഖ്യമന്ത്രിയെ ചുമതലപ്പെടുത്തിയിരുന്നു. ഇതുമായി ബന്ധപ്പെട്ട തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**സെക്ഷൻ ഓഫീസർ**